"ഭരണഭാഷ-മാതൃഭാഷ"

# കേരളം സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ - പരീക്ഷകളുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനും ഓഡിറ്റ്/നിയമന ശിപാർശ പരിശോധനകൾക്കുമായി യാത്ര നടത്തുന്ന ജീവനക്കാർക്ക് യാത്രാബത്ത പരിധിയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം - സി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.111/2026/ധന** **തീയതി, തിരുവനന്തപുരം, 27-10-2026.**

---

പരാമർശം:- 1. സ.ഉ(അച്ചടി) നം. 137/2016/ധന തീയതി 09.09.2016

2. സ.ഉ(അച്ചടി) നം. 150/2019/ധന തീയതി 05.11.2019

3. സ.ഉ(അച്ചടി) നം. 71/2021/ധന തീയതി 03.05.2021

4. സ.ഉ(അച്ചടി) നം. 74/2022/ധന തീയതി 27.06.2022

5. സ.ഉ(അച്ചടി) നം. 11/2024/ധന തീയതി 16.02.2024

6. സ.ഉ(അച്ചടി) നം.97/2024/ധന തീയതി: 13.11.2024

7. സ.ഉ.(അച്ചടി) നം.103/2025/ധന തീയതി: 23.08.2025

8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.05.2026 തീയതിയിലെ എ.സി.VII(2) 11973/12/ജി.ഡബ്ല്യൂ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സർക്കാർ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി പ്രതിമാസ/ത്രൈമാസ പരിധി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം യാത്രാബത്ത പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾക്ക് പരിധിക്ക് മുകളിൽ യാത്രാബത്ത അനുവദിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരാമർശം (7) ഉത്തരവ് പ്രകാരം പി.എസ്.സി പരീക്ഷകളുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനും ഓഡിറ്റ്/നിയമന ശിപാർശ പരിശോധനയ്ക്കും മറ്റ് അടിയന്തിര പ്രാധാന്യമുള്ള യാത്രകൾക്കും പി.എസ്.സി ജീവനക്കാർ നടത്തുന്ന യാത്രകളെ നിലവിലുള്ള യാത്രാബത്ത പരിധിയിൽ നിന്നും ഒരു വർഷത്തേയ്ക്ക് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (8) ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ കത്തിൽ ചുവടെ പറയും പ്രകാരം അറിയിച്ചിരുന്നു. പരാമർശം (7) പ്രകാരമുള്ള ഉത്തരവിന്റെ കാലാവധി 26/06/2026 – ന് അവസാനിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ, ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷകരായുള്ള എസ്.എസ്.എൽ.സി തല പൊതു പ്രാഥമിക പരീക്ഷ (LGS, Company Board/Corporation), LDC (Beverages Corporation), ബിരുദതല മുഖ്യ പരീക്ഷ, Village Field Assistant പരീക്ഷ, Uniformed Forces– ലെ പോലീസ് കോൺസ്റ്റബിൾ, വനിത പോലീസ് കോൺസ്റ്റബിൾ, Fire & Rescue Officer എന്നീ തസ്തികകളിലേക്കുള്ള പരീക്ഷകളും 2026 വർഷം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, 2026 വർഷം പുറപ്പെടുവിച്ചിട്ടുള്ളതും, ഇനി പുറപ്പെടുവിക്കാൻ പോകുന്നതുമായ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അപേക്ഷകൾക്കുമുള്ള പരീക്ഷകൾ 2026–2027 കാലയളവിൽ നടത്തി, കാലതാമസമില്ലാതെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാനും ബഹു. കമ്മീഷൻ ലക്ഷ്യമിടുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജീവനക്കാരുടെ മേൽനോട്ടത്തിലാണ് എല്ലാ കേന്ദ്രങ്ങളിലും പരീക്ഷകൾ നടത്തപ്പെടുന്നത്. ഉദ്യോഗാർത്ഥികളെ Biometric പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് Biometric device സഹിതം പി.എസ്.സി ജീവനക്കാരെ പരീക്ഷാ കേന്ദ്രങ്ങളിൽ നിയോഗിക്കേണ്ടതായും മേൽ പരാമർശിച്ച പ്രകാരം പരീക്ഷകൾ സുഗമമായി നടത്തുന്നതിന് ആസ്ഥാന ആഫീസിലെ ഉന്നത ഉദ്യോഗസ്ഥരെയടക്കം മറ്റ് ജില്ലകളിലേക്ക് നിർബന്ധിതമായി നിയോഗിക്കേണ്ടതായും വരുന്നു. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ  അപേക്ഷകരായുള്ള തസ്തികകളിലേക്കുള്ള പരീക്ഷകൾ പല ഘട്ടങ്ങളായി നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ ജില്ലാ, മേഖലാ ഓഫീസുകളിലെ ജീവനക്കാർ മറ്റ് ജില്ലകളിലേക്കും യാത്ര ചെയ്യേണ്ടതായും വരുന്നുണ്ട്. ഒരു മാസം തന്നെ ഇത്തരത്തിലുള്ള ഒന്നിലേറെ പരീക്ഷകൾ നടത്തേണ്ട സാഹചര്യം നിലവിലുണ്ട്. അപ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാർ TA സീലിംഗ് പരിധിയിൽ ഉൾപ്പെടുന്നപക്ഷം ആവശ്യാനുസരണം ജീവനക്കാരെ നിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകും. കൂടാതെ വിവിധ തസ്തികകളിലേയ്ക്ക് മേഖലാ ആഫീസുകളിലും, ജില്ലാ ഓഫീസുകളിൽ നിന്നുമുള്ള നിയമന ശിപാർശകൾ ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനും കമ്മീഷന്റെ മേഖലാ, ജില്ലാ ആഫീസുകളിലുള്ള അക്കൗണ്ട്സ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ Internal Audit വിഭാഗം പരിശോധിക്കുന്നതിനായി Internal Inspection Wing വിഭാഗത്തിലെ ജീവനക്കാരും മേഖലാ, ജില്ലാ ആഫീസുകളിലേക്ക് നിരന്തരം യാത്ര ചെയ്യേണ്ടിയും വരുന്നു. നിയമന ശിപാർശകളുടെ കൃത്യമായ പരിശോധന, Internal Audit വിഭാഗത്തിന്റെ പരിശോധന തുടങ്ങിയവ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നും മേൽ പരാമർശിച്ച യാത്രകൾക്ക് പരിധി നിശ്ചയിക്കുന്നത് കമ്മീഷന്റെ പരീക്ഷകൾ, പരിശോധനകൾ എന്നിവയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതിനാൽ, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, കായികക്ഷമത ഉൾപ്പെടെയുള്ള പരീക്ഷകളുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനും, ഇന്റേർണൽ ഓഡിറ്റ്/നിയമന പരിശോധന, മറ്റ് അടിയന്തിര പ്രാധാന്യമുള്ള ഡ്യൂട്ടികൾക്കും PSC ജീവനക്കാർ നടത്തുന്ന യാത്രകളെ യാത്രാബത്ത പരിധിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി തരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി പരീക്ഷകളുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനും ഓഡിറ്റ്/നിയമന ശിപാർശ പരിശോധനയ്ക്കും മറ്റ് അടിയന്തിര പ്രാധാന്യമുള്ള യാത്രകൾക്കും പി.എസ്.സി ജീവനക്കാർ നടത്തുന്ന യാത്രകളെ, ട്രെയിൻ/ബസ് ടിക്കറ്റുകളുടെ അസ്സൽ ക്ലെയിമിനോടൊപ്പം ഹാജരാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി യാത്രാബത്ത പരിധിയിൽ നിന്നും 27.06.2026 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ ഒരു വർഷത്തേക്ക് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാലയളവിലെ യാത്രാബത്ത അനുവദിക്കുന്നതിനു പരാമർശം (2), (3) ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഗോകുൽ ജി ആർ ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II ), കേരള, തിരുവനന്തപുരം
3. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്
4. ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-107150)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ